LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഹോമിയോ ആശുപത്രികളുടെ വികസനം

92 (757) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ഹോമിയോ ആശുപത്രികളുടെ വികസനത്തിനും നവീകരണത്തിനുമായി കഴിഞ്ഞ ബഡ്ജറ്റിൽ നീക്കിവച്ച തുകയെത്രയാണെന്നും അതിൽ ചെലവാക്കിയത് എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) ആവശ്യത്തിന് ഫണ്ട് അനുവദിക്കാതിരിക്കുകയും അനുവദിച്ച ഫണ്ടുകൾ പൂർണ്ണമായി ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നതുവഴി ആശുപത്രി കളിലെ ചികിത്സാ സൗകര്യങ്ങളിൽ കുറവുവരുന്നത് പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ ഹോമിയോപ്പതി ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും വികസനത്തിനും നവീകരണത്തിനുമായി 2014-15 വർഷത്തെ ബഡ്ജറ്റിൽ 2210-05-102-85 എന്ന ശീർഷകത്തിൽ 140 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുകയിൽനിന്നും 117.12 ലക്ഷം രൂപ (83.6%) ചെലവഴിച്ചിട്ടുണ്ട്.

(ബി) ആവശ്യത്തിനു ഫണ്ട് അനുവദിക്കാതിരിക്കുകയും അനുവദിച്ച ഫണ്ടുകൾ പൂർണ്ണമായി ചെലവഴിക്കാതിരിക്കുകയും ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മഴക്കാലത്ത് പകർച്ച വ്യാധികൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ

93 (758) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മഴക്കാലത്ത് പടർന്നുപിടിക്കുന്ന രോഗങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പകർച്ച വ്യാധികൾ പടരുന്നത് തടയാൻ പ്രൈമറിതലത്തിൽ പ്രത്യേക മെഡിക്കൽ സംഘത്തെ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) ഏതെല്ലാം മരുന്നുകൾ സൗജന്യമായി നൽകുന്നതിന് സമാഹരി ച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മഴക്കാലരോഗങ്ങൾ തടയുന്നതിന് ആരോഗ്യവകുപ്പ് ഒരു വർഷം നീണ്ടു നിൽക്കുന്ന കർമ്മ പദ്ധതി തയ്യാറാക്കി വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുകയാണ്. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇതര വകുപ്പ് മന്ത്രിമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ 2015 ഫെബ്രുവരി 10-ാം തീയതി ഉന്നതതലയോഗംകൂടി ഈ വർഷത്തെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തന കർമ്മപരിപാടികളെപ്പറ്റി ചർച്ച ചെയ്ത് അന്തിമ രൂപം നൽകി. ജില്ലാ തലത്തിലും നിയോജകമണ്ഡലാടിസ്ഥാനത്തിലും നഗരസഭ/പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ആലോചനാ യോഗങ്ങൾകൂടി പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് പ്രവർത്തനങ്ങൾ നടത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതോടൊപ്പം വാർഡുതല ആരോഗ്യ ശുചിത്വ സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ എൻ.എച്ച്.എം. ശുചിത്വ മിഷൻ, തദ്ദേശഭരണ സ്ഥാപന ഫണ്ടുകൾ ലഭ്യമാക്കാനും തീരുമാനിച്ചു മഴക്കാലത്തോടനുബന്ധിച്ച് പകർച്ച വ്യാധികൾ പൊട്ടിപ്പുറപ്പെടുന്നത് തടയാനായി മഴക്കാല പൂർവ്വ ശുചീകരണത്തിനും കൊതുകിന്റെ ഉറവിട നശീകരണത്തിനും ജലശുദ്ധി ഉറപ്പാക്കാനും പലവിധ ക്യാമ്പെയിനുകൾ നടപ്പിലാക്കി.

1. കൊതുകിന്റെ ഉറവിടങ്ങളും ഉണങ്ങിയ ഉറവിടങ്ങളും നശിപ്പിക്കുന്ന ക്യാമ്പെയിൻ (ഏപ്രിൽ 20-22)
2. പ്ലാന്റേഷൻ ക്യാമ്പെയിൻ (ഏപ്രിൽ 27-29)
3. ക്ലീൻ ഓഫീസ് & ക്ലീൻ പബ്ലിക് പ്ലേസ് ക്യാമ്പെയിൻ
4. സേഫ് വാട്ടർ ക്യാമ്പെയിൻ (മേയ് 14-16)

എന്നിവ എല്ലാ ജില്ലകളിലും നടത്തി.

ജൂൺ, ജൂലൈ മാസങ്ങളിൽ ആഴ്ചതോറും സ്കൂൾ, ഓഫീസ്, വീട് എന്നി വിടങ്ങളിൽ കൊതുക്, കൂത്താടി നശീകരണത്തിനായി ഡ്രൈ ഡേ ആചരിക്കുവാൻ നിർദ്ദേശം നൽകി.

(ബി) പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടി ഒരു സംഘം പ്രവർത്തി ക്കുന്നുണ്ട്. ഇതിൽ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ,

പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ, ആശാ വർക്കർമാർ തുടങ്ങിയവർ പങ്കാളികളാണ്. ഇവരുടെ നേതൃത്വത്തിൽ ഊർജ്ജിതമായി പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

(സി) മഴക്കാലത്ത് പടർന്നുപിടിക്കുന്ന രോഗങ്ങൾക്കുവേണ്ട മരുന്നുകൾ ഉൾപ്പെടെ 232 മരുന്നുകൾ അടിയന്തര പ്രാധാന്യം നൽകി സമാഹരിച്ചിട്ടുണ്ട്. സർക്കാർ ആശുപത്രിയിൽ വരുന്ന എല്ലാ രോഗികൾക്കും മരുന്നുകൾ സൗജന്യമായാണ് വിതരണം ചെയ്യുന്നത്. മരുന്നുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് യൂണിറ്റ്

94 (759) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചത് എന്നാണ് ;

(ബി) നാളിതുവരെ പ്രസ്തുത യൂണിറ്റ് പ്രവർത്തനസജ്ജമാക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത യൂണിറ്റ് അടിയന്തരമായി പ്രവർത്തനസജ്ജമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

ഉത്തരം

(എ- സി) G.O.(Rt)No.114/2013/TD dtd. 5-2-2013 പ്രകാരം കാരുണ്യ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ആരോഗ്യവകുപ്പിനുകീഴിലുള്ള 27 സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സെന്റർ ആരംഭിക്കാനുള്ള അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റ് എടുക്കാൻ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തി. അതിൻപ്രകാരം അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റ് എടുക്കാൻ കോർപ്പറേഷൻ കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-നെ ചുമതലപ്പെടുത്തുകയും അവർ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് അനുമതിയ്ക്കായി കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഉടൻ സമർപ്പിക്കുന്നതും അനുമതി ലഭിക്കുന്നമുറയ്ക്ക് പണി ആരംഭിക്കുന്നതുമാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly